**<u>ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി</u>**

**<u>ഹാജർ : ശ്രീ. ഗണേഷ് കുമാർ എം.എസ്., ന്യായാധികാരി</u>**

**<u>2026 ജൂൺ മാസം 6 തീയ്യതി</u>**

**<u>ST 222/2022</u>**

| | | |
|---|---|---|
| കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>സബ്ഇൻസ്പെക്ടർ,<br>കൊടുവള്ളി പോലീസ് സ്റ്റേഷൻ, ക്രൈം 1076/2021 | : | പരാതിക്കാരൻ |

*(ശ്രീ.രഞ്ജിൻ ബേബി, APP Grade II)*

| | | |
|---|---|---|
| 1. മൂസ്സക്കോയ വയപ്പുറത്ത്, വയസ്സ് : 62/2022,<br>S/o. പക്കുഞ്ഞി, കരുവമ്പിലാക്കണ്ടി വീട്,<br>എളേറ്റിൽ.പി.ഒ, കിഴക്കോത്ത്<br><br>2. മുഹമ്മദ് ഷാഫി, വയസ്സ് : 34/2022,<br>S/o. മൂസ്സക്കോയ, കരുവമ്പിലാക്കണ്ടി വീട്,<br>എളേറ്റിൽ.പി.ഒ, കിഴക്കോത്ത് | : | പ്രതികൾ |

*(ശ്രീ. എൻ.എ അബ്ദുൾ ലത്തീഫ്, പ്രതി ഭാഗം അഡ്വക്കേറ്റ് )*

| | | |
|---|---|---|
| കുറ്റം | : | ഇന്ത്യൻ ശിക്ഷാനിയമം 341, 506 r/w 34 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായത്. |
| പ്രതിയുടെ വാദം | : | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | തെളിയിക്കപ്പെട്ടിട്ടില്ല |
| കുറ്റം അല്ലെങ്കിൽ ശിക്ഷ | : | പ്രതിയെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം വെറുതെ വിട്ടിരിക്കുന്നു. |

| **പ്രതികളുടെ വിവരണം** | | |
|---|---|---|
| 1 | പോലീസ് സ്റ്റേഷന്റെ പേരും ക്രൈം നമ്പറും | കൊടുവള്ളി പോലീസ് സ്റ്റേഷൻ Cr.No.1076/2021 |
| 2 | പ്രതികളുടെ പേര് | 1.മൂസ്സക്കോയ വയപ്പുറത്ത്<br>2.മുഹമ്മദ് ഷാഫി |

| | | |
|---|---|---|
| 3 | അച്ഛൻെറ പേര് | 1.പക്കുഞ്ഞി<br>2. മൂസ്സക്കോയ |
| 4 | പ്രവർത്തി | 1. --<br>2. -- |
| 5 | വിലാസം | 1. കിഴക്കോത്ത്<br>2. കിഴക്കോത്ത് |
| 6 | വയസ്സ് | 1. 62/2022<br>2. 34/2022 |

| **Date of** | | |
|---|---|---|
| 7 | സംഭവം നടന്ന തീയ്യതി | 30.09.2021 |
| 8 | പരാതി കൊടുത്ത തീയ്യതി | 09.11.2021 |
| 9 | അറസ്റ്റു ചെയ്ത തീയ്യതി | -- |
| 10 | ജാമ്യത്തിൽ വിട്ട തീയ്യതി | 1. 15.09.2022<br>2. 29.05.2023 |
| 11 | കമ്മിറ്റ്മെൻറ് | -- |
| 12 | വിചാരണ തുടങ്ങിയ തീയ്യതി | 1. 01.11.2023<br>2. Exempted (01.11.2023) |
| 13 | സാക്ഷി വിസ്താരത്തിൻെറ തുടക്കം | 02.07.2025 |
| 14 | വിചാരണ അവസാനിച്ച തീയ്യതി | 03.06.2026 |
| 15 | വിധി തീയ്യതി | 06.06.2026 |
| 16 | പ്രതിയ്ക്ക് വിധിന്യായത്തിൻെറ പകർപ്പ് നൽകൽ | -- |
| 17 | കാലതാമസത്തിൻെറ വിശദീകരണം | കാലതാമസമില്ല |
| 18 | അന്വേഷണ കാലയളവിലോ അല്ലെങ്കിൽ വിചാരണ വേളയിലോ അനുഭവിച്ച തടവ് കാലാവധി (428 Cr.PC പ്രകാരം) | -- |

## <u>ഉത്തരവ്</u>

കൊടുവള്ളി പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ കൊടുവള്ളി പോലീസ് ക്രൈം. 1076/2021 ൽ പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷ നിയമം 341, 506 r/w 34 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചുമത്തി ബോധിപ്പിച്ച അന്തിമ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള കേസ് ആണിത്.

2. പ്രോസിക്യൂഷൻ കേസ് താഴെ പറയും പ്രകാരമാണ്: 30.09.2021

തീയ്യതി 17.00 മണിക്ക് താമരശ്ശേരി താലൂക്കിൽ വീണപാറ എന്ന സ്ഥലത്തുള്ള ടാർ റോഡിൽ വെച്ച് ഒന്നാം സാക്ഷി കൊടുവള്ളി പോലീസ് സ്റ്റേഷനിലും, താമരശ്ശേരി, കോഴിക്കോട് എന്നീ സിവിൽ കോടതികളിലും പ്രതികൾക്കെതിരെ സ്വത്ത് സംബന്ധമായ കേസ് കൊടുത്തതിലുള്ള വിരോധം വെച്ച് 1, 2 കൂടിയ പ്രതികൾ ഒന്നാം സാക്ഷിയെ തടഞ്ഞുവെച്ച് കുറ്റകരമായ ഭയപ്പെടുത്തൽ ചെയ്തിട്ടുതിനാൽ പ്രതികൾ ഇന്ത്യൻ ശിക്ഷാനിയമം 341, 506 r/w 34 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു.

3. പ്രതികൾക്ക് സമൻസ് അയച്ചതിൽ പ്രതികൾ ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി ജാമ്യം എടുത്തിട്ടുള്ളതാണ്. പ്രോസിക്യൂഷൻ രേഖകളുടെ കോപ്പികൾ പ്രതികൾക്ക് നൽകിയിട്ടുള്ളതാണ്. ഇന്ത്യൻ ശിക്ഷ നിയമം 341, 506 r/w 34 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങളുടെ സാരം വായിച്ചു കേൾപ്പിച്ചതിൽ പ്രതികൾ കുറ്റം ചെയ്തതായി നിഷേധിച്ചു.

4. പ്രോസിക്യൂഷൻ ഭാഗം തെളിവിലേക്കായി PW1 മുതൽ PW5 വരെ സാക്ഷികളെ വിസ്തരിച്ചു. Ext. P1 മുതൽ Ext. P5 രേഖകൾ തെളിവിലേക്കായി ഹാജരാക്കുകയും ചെയ്തു. CW4 മുതൽ CW7 വരെ ഉള്ള സാക്ഷികളെ പ്രോസിക്യൂഷൻ സാക്ഷിവിസ്താരത്തിൽ നിന്നും ഒഴിവാക്കി. പ്രോസിക്യൂഷൻ സാക്ഷികളെ വിസ്തരിച്ചു കഴിഞ്ഞതിനുശേഷം ക്രിമിനൽ നടപടിച്ചട്ടം 313 (1) (b) വകുപ്പ് പ്രകാരം ഉള്ള പ്രതികളുടെ വിസ്താരം നടത്തി. പ്രതികൾ ഉന്നയിക്കപ്പെട്ട കുറ്റാരോപിതമായ എല്ലാ സാഹചര്യങ്ങളെയും നിഷേധിക്കുകയും, നിരപരാധിയാണെന്ന വാദത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. പ്രതികൾക്ക് തെളിവ് നൽകാൻ അവസരം നൽകിയെങ്കിലും പ്രതികളുടെ ഭാഗത്തുനിന്നും തെളിവുകളൊന്നും തന്നെ ഹാജരാക്കിയില്ല.

5. ഇരുഭാഗത്തെയും വാദം കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

6. കോടതിക്ക് മുന്നിലുള്ള രേഖകളിൽ നിന്നും തെളിവുകളിൽ നിന്നും ഉരുത്തിരിഞ്ഞ പരിഗണനാ വിഷയങ്ങൾ താഴെ പറയും പ്രകാരമാണ്:

1. ഈ കേസിലെ പ്രതികൾ പൊതു ഉദ്ദേശത്തോടും കരുതലോടും കൂടി 30.09.2021 തീയ്യതി 17.00 മണിക്ക് വീണപാറ എന്ന സ്ഥലത്ത് വെച്ച് പരാതിക്കാരനെ (PW1) അന്യായമായി തടഞ്ഞുവെച്ച് IPC 341 r/w 34 വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

3. ഈ കേസിലെ പ്രതികൾ പൊതു ഉദ്ദേശത്തോടും കരുതലോടും കൂടി 30.09.2021 തീയ്യതി 17.00 മണിക്ക് പരാതിക്കാരനെ (PW1) കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി IPC 506 r/w 34 വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
4. പ്രതികൾ കുറ്റം എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ എന്താണ് ഉചിതമായ ശിക്ഷ?

7. വിഷയങ്ങൾ 1 മുതൽ 3 വരെ : ഈ വിഷയങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നതിനാലും വസ്തുതയുടെ ആവർത്തനം ഒഴിവാക്കാനും അവലോകനത്തിന്റെ സൗകര്യത്തിനുമായി എല്ലാ വിഷയങ്ങളും ഒരുമിച്ച് പരിഗണിക്കുന്നു. ഈ കേസിലെ ഇരയാണ് PW1 ആണ്. PW1 താമരശ്ശേരി JFCM കോടതിയിൽ നല്കിയ Ext.P1 പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിനായി ഈ പരാതി കൊടുവള്ളി പോലീസ് സ്റ്റേഷനിലേക്ക് കൈമാറി. PW1-ന്റെ ഭാര്യയാണ് PW2, PW1-ന്റെ ബന്ധുവാണ് PW3. ഇവർ സംഭവത്തിന് സാക്ഷികളാണെന്നാണ് പ്രോസിക്യൂഷൻ ആരോപിക്കുന്നത്. കോടതിയിൽ നിന്ന് ലഭിച്ച Ext.P1 പരാതിയുടെ അടിസ്ഥാനത്തിൽ Ext.P2 FIR രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥനാണ് PW4. ഈ കേസിന്റെ അന്വേഷണം നടത്തി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ച ഉദ്യോഗസ്ഥനാണ് PW5 .

8. PW1-ന്റെ മൊഴി പ്രകാരം, 2021 സെപ്റ്റംബർ 30-ന് വൈകുന്നേരം 5 മണിയോടെ വീണപാറയിൽ വെച്ച് സ്വന്തം വീട്ടിലേക്ക് പോകുമ്പോൾ, പ്രതികൾ തന്നെ ഭീഷണിപ്പെടുത്തുകയും ആപൽക്കരമായ രീതിയിൽ സംസാരിക്കുകയും ചെയ്തു എന്നും പ്രതികൾ തന്റെ കോളറിൽ പിടിച്ചതായും PW1 മൊഴി നൽകി. ഈ സംഭവങ്ങൾ ചൂണ്ടിക്കാട്ടി Ext.P1 പരാതി നൽകി എന്നും PW1 കോടതിയിൽ മൊഴി നല്കി.

9. PW1-ന്റെ ഭാര്യയായ PW2 മൊഴി പ്രകാരം, 2021 സെപ്റ്റംബർ 30-ന് വൈകുന്നേരം 5 മണിയോടെ തന്റെ ഭർത്താവിന്റെ കോളറിൽ പ്രതികളുടെ പണിക്കാർ പിടിക്കുന്നത് താൻ കണ്ടു എന്നും തന്റെ ഭർത്താവും ഒന്നാം പ്രതിയും തമ്മിൽ വാക്കുതർക്കം നടന്നതായും PW2 മൊഴി നല്കി.

10. PW1-ന്റെയും PW2-ന്റെയും ബന്ധുവാണ് PW3, PW1-ന്റെ കോളറിൽ രണ്ടാമത്തെ പ്രതി പിടിക്കുന്നത് താൻ കണ്ടതായി PW3 മൊഴി നൽകി. ആ സമയത്ത് ഒന്നാം പ്രതിയും അദ്ദേഹത്തിന്റെ കുട്ടികളും സംഭവസ്ഥലത്തുണ്ടായിരുന്നുവെന്നും PW3 വ്യക്തമാക്കി.

11. പ്രതികൾ IPC സെക്ഷൻ 341, 506 പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ ചെയ്തുവെന്ന് പ്രോസിക്യൂഷൻ ആരോപിക്കുന്നു. പ്രോസിക്യൂഷൻ തങ്ങളുടെ കേസ് വിജയകരമായി തെളിയിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. PW1-ന്റെ കോളറിൽ പിടിച്ചത് ആരാണെന്ന് PW1 മൊഴി നൽകിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. PW2-ന്റെ മൊഴി പ്രകാരം പ്രതികളുടെ പണിക്കാർ ആണ് PW1-ന്റെ കോളറിൽ പിടിച്ചത്. എന്നാൽ PW3-ന്റെ അഭിപ്രായത്തിൽ, രണ്ടാമത്തെ പ്രതിയാണ് PW1-ന്റെ കോളറിൽ പിടിച്ചത്. അതിനാൽ, പ്രോസിക്യൂഷൻ സാക്ഷികളുടെ മൊഴികളിൽ സ്ഥിരതയില്ല എന്നത് വ്യക്തമാണ്. കൂടാതെ, PW1 ന് സഞ്ചരിക്കാൻ അവകാശമുള്ള വഴിയിൽ നിന്ന് പ്രതികൾ തന്നെ തടഞ്ഞുവെന്ന് PW1-ന് പരാതിയില്ല. അതിനാൽ, പ്രതികൾ IPC സെക്ഷൻ 341 പ്രകാരം കുറ്റം ചെയ്തിട്ടുണ്ടെന്ന് തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടുവെന്ന് കോടതിക്ക് ബോധ്യമായി.

12. പ്രതികൾ "കൊന്നു കളയും" എന്ന് പറഞ്ഞതായി PW1 മൊഴി നൽകി. എന്നാൽ, PW1-ന്റെ ഈ മൊഴിയെ പിന്തുണയ്ക്കുന്ന യാതൊരു തെളിവുകളും PW2-വും PW3-ഉം നൽകിയിട്ടില്ല. കൂടാതെ, പ്രതികൾ പറഞ്ഞ വാക്കുകൾ കേട്ട് ഭയപ്പെട്ടുവെന്നോ പരിഭ്രാന്തനായെന്നോ PW1 പറയുന്നില്ല. PW1 മുതൽ PW3 വരെയുള്ളവർ ബന്ധുക്കളായ സാക്ഷികളാണ്, സ്വതന്ത്ര സാക്ഷികളായ ആരെയും പ്രോസിക്യൂഷൻ വിസ്തരിച്ചിട്ടില്ല. സംഭവത്തിന് ദൃക്സാക്ഷികളാണെന്ന് പറയപ്പെടുന്ന CW4-നെയും CW7-നെയും പ്രോസിക്യൂഷൻ വിസ്തരിച്ചില്ല. ഇവർ ഏറ്റവും പ്രധാനപ്പെട്ട സാക്ഷികളായിരുന്നു. ഏറ്റവും അനുയോജ്യരായ സാക്ഷികളെ ഒഴിവാക്കിയത് പ്രോസിക്യൂഷൻ കേസിൻെറ പോരായ്മയാണെന്ന് കണ്ടെത്തിയ കോടതി ഐപിസി (IPC) സെക്ഷൻ 506 പ്രകാരമുള്ള കുറ്റം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടുവെന്ന് കോടതിക്ക് ബോധ്യമായി.

13. മേൽപറഞ്ഞ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെയുള്ള പ്രോസിക്യൂഷൻ കേസ് സംശയാസ്പദമാണ്. സംശയത്തിൻെറ ആനുകൂല്യം പ്രതികൾക്കാണ് നൽകേണ്ടത്. ആയതിനാൽ പ്രതികൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങൾ പ്രതികൾ ചെയ്തതായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്ന നിഗമനത്തിലാണ് കോടതി എത്തിച്ചേരുന്നത്. ആയതിനാൽ പ്രോസിക്യൂഷൻ ആരോപിച്ചിട്ടുള്ള ഇന്ത്യൻ ശിക്ഷാനിയമം 341, 506 r/w 34 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ പ്രതികൾ ചെയ്തതായി തെളിയിക്കാൻ സാധിച്ചിട്ടില്ല എന്ന് തീരുമാനിച്ചിരിക്കുന്നു. ഈ വിഷയങ്ങൾ പ്രോസിക്യൂഷന് എതിരായി തീർപ്പാക്കിയിരിക്കുന്നു.

18. <u>വിഷയം 4</u>: പ്രതികൾ കുറ്റക്കാരല്ല എന്ന് കണ്ടെത്തിയതിനാൽ ഈ

വിഷയം പരിഗണിക്കേണ്ടതില്ല.

19. **ഫലത്തിൽ,**

പ്രതികൾ ഇന്ത്യൻ ശിക്ഷ നിയമം 341, 506 r/w 34 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ട് പ്രതികളെ ക്രിമിനൽ നടപടി ചട്ടം 255 (1) വകുപ്പു പ്രകാരം വെറുതെ വിട്ടിരിക്കുന്നു. പ്രതികൾ ചമയ്ച്ചിട്ടുള്ള ജാമ്യബോണ്ടുകൾ റദ്ദ് ചെയ്ത് പ്രതികളെ സ്വതന്ത്രരാക്കുന്നു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 ജൂൺ മാസം 6 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ഒപ്പ്
ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി

<u>അനുബന്ധം</u>

<u>**പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ:**</u>

| റാങ്ക് | പേര് | സാക്ഷികളുടെ തരം ദൃക്സാക്ഷി/പോലീസ് സാക്ഷി/വിദഗ്ദ സാക്ഷി/മെഡിക്കൽ സാക്ഷി/മറ്റ് സാക്ഷികൾ) |
|---|---|---|
| PW1 | മുഹമ്മദ് അഷ്റഫ് (CW1) | പരാതിക്കാരൻ |
| PW2 | രഹന സുൽത്താന (CW2) | ദൃക്സാക്ഷി |
| PW3 | അബ്ദുനാസർ (CW3) | ദൃക്സാക്ഷി |
| PW4 | റസാക്ക് (CW8)(SI) | പോലീസ് സാക്ഷി |
| PW5 | അഷ്റഫ് പി.കെ (CW9)(SI) | പോലീസ് സാക്ഷി |

<u>**പ്രോസിക്യൂഷൻ ഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ :**</u>

| ക്രമ നമ്പർ | എക്സിബിറ്റ് നമ്പർ | വിവരണം |
|---|---|---|
| 1 | P1/PW1-02.07.2025 | പരാതി - തീയ്യതി 06.11.2021 |
| 2 | P2/PW4-28.04.2026 | പ്രഥമ വിവര റിപ്പോർട്ട് -തീയ്യതി 09.11.2021 |
| 3 | P3/PW5-28.04.2026 | സംഭവസ്ഥല മഹസ്സർ - തീയ്യതി 10.11.2021 |

| | | |
|---|---|---|
| 4 | P4/PW5-28.04.2026 | സെക്ഷൻ കുറവു ചെയ്യുന്നതിനും കൂട്ടിച്ചേർക്കുന്നതിനുമുള്ള റിപ്പോർട്ട് |
| 5 | P5/PW5-28.04.2026 | നോട്ടീസ് u/s.41A(1) CrPC |

<u>പ്രതിഭാഗം വിസ്തരിച്ച സാക്ഷികൾ</u> : ഇല്ല

<u>പ്രതി ഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ</u> : ഇല്ല

<u>കോടതി സാക്ഷികൾ</u>: ഇല്ല

<u>കോടതി രേഖകൾ</u> : ഇല്ല

<u>തൊണ്ടിമുതലുകൾ:</u> ഇല്ല

ഒപ്പ്
ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി

//ശരിപകർപ്പ്//

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി